**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **06-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ്** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന സംരക്ഷണവുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുക പ്രസ്തുത പദ്ധതികൾക്ക് തന്നെയാണ് ചെലവാക്കുന്നതെന്ന് ഉറപ്പാക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ? | (എ) | കേന്ദ്ര വനം മന്ത്രാലയത്തിന്റെ കൃത്യമായ മാർഗ്ഗ നിർദ്ദേശ രേഖകളുടെ അടിസ്ഥാനത്തിൽ ഓരോ പദ്ധതിയ്ക്കും പ്രത്യേക വാർഷികപദ്ധതി രൂപരേഖ (APO) തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ച് ലഭിക്കുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് ഓരോ സാമ്പത്തിക വർഷവും കേന്ദ്രസർക്കാർ തുക അനുവദിച്ചു വരുന്നത്. വനസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഗഡുക്കളായി ലഭിക്കുന്ന തുക അനുവദനീയമായ ശീർഷകങ്ങളിൽ കീഴ് ഓഫീസുകളിലേയ്ക്ക് അനുവദിക്കുന്നു. ഓരോ ഗഡുവിന്റെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും പ്രോഗ്രസ്സ് സ്റ്റേറ്റ്മെന്റും കേന്ദ്രവനം മന്ത്രാലയത്തിന് സമർപ്പിച്ചതിന് ശേഷം മാത്രമേ തുടർ ഗഡു അനുവദിച്ച് കിട്ടുകയുള്ളൂ. സാമ്പത്തിക വർഷാവസാനം യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റും പ്രോഗ്രസ്സ് സ്റ്റേറ്റ്മെന്റും ചെയ്ത പ്രവർത്തികളുടെ KML format-ൽ ഫോട്ടോഗ്രാഫും കേന്ദ്രവനം മന്ത്രാലയത്തിന് സമർപ്പിച്ചു വരുന്നു. കൂടാതെ, അക്കൗണ്ട് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഓഡിറ്റ് വിഭാഗത്തിന്റെയും വനം വകുപ്പിന്റെ കീഴിൽതന്നെയുള്ള ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെയും മേൽ നോട്ടത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന തുക പ്രസ്തുത പദ്ധതികൾക്ക് തന്നെയാണ് ചെലവാക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നു. |

സെക്ഷൻ ഓഫീസർ